## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3231 — 07.11.2019-ൽ മറുപടിയ്ക്ക്

## പ്രീ-ഫാബ് സാങ്കേതിക വിദ്യ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി. ബൽറാം | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ച നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ മേഖലയിലെ ബദൽ സാങ്കേതിക വിദ്യ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ വീട് നിർമ്മാണത്തിന് പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പൊതു ജനങ്ങളിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യയെ കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2016-ൽ 400 ചതുരശ്ര അടിയുള്ള ഒരു വീട് പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലെ ക്യാമ്പസിൽ നിർമ്മിച്ചിട്ടുണ്ട്. ഈ മേഖലയിൽ വലിയ പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ഏജൻസിയും പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രമോട്ട് ചെയ്യുന്നതിന് മാത്രമായി രൂപീകരിച്ച ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡിനെ പ്രീ-ഫാബ് കൺസ്ട്രക്ഷന്റെ ടെക്നോളജി പ്രൊവൈഡറായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നിരവധി പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികളിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ ഇതിനകം ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്. |
| (സി) പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും കൺസൾട്ടന്റിന്റെ സേവനം ഉപയോഗിച്ചിരുന്നോ; എങ്കിൽ ആരുടെ സേവനമെന്നും പ്രസ്തുത കൺസൾട്ടൻസി സ്ഥാപനത്തിന് ഫീസ് ഇനത്തിൽ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ? | (സി) ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിൽ കൊച്ചിയിലെ പൊതുമേഖല സ്ഥാപനമായ ഫാക്ടിന്റെ (FACT) ഒരു ഉപഉൽപ്പന്നമായ ഗ്ലാസ് ഫൈബർ റീഇൻഫോഴ്സ്ഡ് ജിപ്സം (ജി.എഫ്.ആർ.ജി) പാനലുകൾ ഉപയോഗിച്ചും മദ്രാസ് ഐ.ഐ.ടി.യുടെ സാങ്കേതിക സഹായം പ്രയോജനപ്പെടുത്തിയുമാണ് പ്രീ-ഫാബ് കെട്ടിട നിർമ്മാണരീതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയത്. സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ടെക്നോളജി പ്രൊവൈഡർ & പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി M/s. ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡിനെ നിയമിച്ചിട്ടുണ്ട്. എന്നാൽ കൺസൾട്ടൻസി സേവനം പ്രയോജനപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾ കൺസൾട്ടൻസി ഫീസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ